(ബി) ചുമട്ടുതൊഴിലാളി നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(സി) ഈ ബോർഡിന്റെ ഘടന എങ്ങനെയാണ്; ചെയർമാൻ ആരാണ്;

(ഡി) ബോർഡിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം ആർക്കാണ്;

(ഇ) ബോർഡിൽ എത്ര ജീവനക്കാരെ ഏതെല്ലാം തസ്തികയിൽ നിയമിച്ചിട്ടുണ്ട്; അവരുടെ ജാതിയും ജില്ല തിരിച്ചുള്ള പട്ടികയും മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചുമട്ടുതൊഴിലാളി നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ക്ഷേമ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(സി) സർക്കാരിനെ പ്രതിനിധീകരിച്ച് അഞ്ച് അംഗങ്ങളും തൊഴിലുടമകളെ പ്രതിനിധീകരിച്ച് അഞ്ച് അംഗങ്ങളും ചുമട്ടു തൊഴിലാളികളെ പ്രതിനിധീകരിച്ച് അഞ്ച് അംഗങ്ങളും അടങ്ങുന്നതാണ് കേരളാ ചുമട്ടു തൊഴിലാളി ക്ഷേമബോർഡ്. ഇതിന്റെ ചെയർമാൻ തൊഴിൽ വകുപ്പ് കമ്മീഷണർ ആൻറ് സെക്രട്ടറിയാണ്.

(ഡി) ബോർഡിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം സർക്കാരിനാണ്.

(ഇ) തിരുവനന്തപുരം, തൃശൂർ എന്നീ ലോക്കൽ കമ്മിറ്റി കളിലേക്ക് തൊഴിൽ വകുപ്പിൽനിന്നും ഓരോ ഡപ്യൂട്ടി ലേബർ ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കൺവീനർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ മൊത്തം 67 ഓഫീസ് അസിസ്റ്റൻറുമാരേയും കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ച് നേരിട്ട് ഉള്ള നിയമനം വഴി നിയമിച്ചിട്ടുണ്ട്. അവരുടെ ജാതിയും ജില്ല തിരിച്ചുള്ള പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്. *നിശ്ചിത യോഗ്യതയുള്ള അപേക്ഷകരുടെ അഭാവത്തിൽ മുസ്ലീം, പട്ടികജാതി—പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങൾക്ക് സീറ്റ് റിസർവ് ചെയ്തിട്ടുണ്ട്.

രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളി സംഘടനകൾ

90 [292] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട എത്ര തൊഴിലാളി സംഘടനകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്;

(ബി) ഈ തൊഴിലാളി സംഘടനകളുടെ ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1-9-1985 വരെ രജിസ്റ്റർ ചെയ്യപ്പെട്ട 8427 തൊഴിലാളി യൂണിയനുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

* അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ യൂണിയനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	..	1,418
കൊല്ലം	..	1444
പത്തനംതിട്ട	..	124
ആലപ്പുഴ	..	747
കോട്ടയം	..	732
എറണാകുളം	..	1,379
ഇടുക്കി	..	213
തൃശൂർ	..	608
പാലക്കാട്	..	304
മലപ്പുറം	..	339
കോഴിക്കോട്	..	449
കണ്ണൂർ	..	581
വയനാട്	..	73
കാസർകോട്	..	16
ആകെ	..	8,427

കർഷക തൊഴിലാളി പെൻഷൻ

91 [293] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ജനുവരി മുതൽ ജൂലായ് 31 വരെ എത്ര പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ നൽകി;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ എത്ര പേർക്ക് കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചു;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1985 ജനുവരി മുതൽ ജൂലൈ 31 വരെ 12,682 പേർക്ക് പുതുതായി കർഷക തൊഴിലാളി പെൻഷൻ നൽകി.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	..	2,384
കൊല്ലം	..	1,275
പത്തനംതിട്ട	..	1,708
ആലപ്പുഴ	..	..
കോട്ടയം	..	218
ഇടുക്കി	..	801
എറണാകുളം	..	475
തൃശൂർ	..	1,436
പാലക്കാട്	..	812

LIBRARY ARCHIVES Kerala Legislative Assembly